(എ) സംസ്ഥാനത്തിന്റെ 2014-15-ലെ വാർഷിക അടങ്കൽ തുക എത്ര ; ഇതിൽ ഓരോ വകപ്പും ചെലവഴിച്ച തുക എത്ര ;

(ബി) ഇതിൽ ഓരോ വകപ്പും ചെലവഴിച്ച തുക എത്ര ;

(സി) പദ്ധതി നിർവ്വഹണത്തിലും പദ്ധതി തുക ചെലവഴിക്കുന്നതിലും കുറവ് വരാനുണ്ടായ കാരണങ്ങൾ വിശദമാക്കാമോ ;

(ഡി) പദ്ധതി നിർവ്വഹണത്തിലെ വീഴ്ചസംബന്ധിച്ച വിശദീകരണങ്ങൾ വകപ്പുകളിൽനിന്നും തേടിയിട്ടുണ്ടോ ;

(ഇ) എങ്കിൽ അവയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(എഫ്) പദ്ധതി നിർവ്വഹണത്തിൽ ഉണ്ടായിട്ടുള്ള വീഴ്ച പരിഹരിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

ഉത്തരം

(എ&ബി) 2014-15-ൽ സംസ്ഥാനത്തിന്റെ അടങ്കൽതുക 20,000 കോടി രൂപയാണ്. വകപ്പ് തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു.*

(സി) 31-3-2015 വരെയുള്ള താൽക്കാലിക കണക്ക് പ്രകാരം ചെലവഴിച്ച തുകയും ഇലക്ട്രോണിക് ലെഡ്ജർ അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുള്ള 1530 കോടി രൂപയും ഉൾപ്പെടെ പദ്ധതി അടങ്കലിന്റെ 79% (15782.27 കോടി രൂപ) ചെലവഴിച്ചിട്ടുണ്ട്.

(ഡി) പദ്ധതി നിർവ്വഹണത്തിൽ വീഴ്ച സംഭവിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ&എഫ്) മേൽ ഉത്തരത്തിന്റെ വെളിച്ചത്തിൽ ബാധകമല്ല.

ദേശീയ സമ്പാദ്യ പദ്ധതി

185 (530) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ദേശീയ സമ്പാദ്യ പദ്ധതി മുഖേന സ്വരൂപിക്കുന്ന പണം/നിക്ഷേപം വർദ്ധിപ്പിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ ;

(ബി) ഈ സർക്കാരിന്റെ കാലത്ത് എൻ.എസ്.എസ്. മുഖേന സ്വരൂപിച്ച നിക്ഷേപം എത്ര ; വർഷം തിരിച്ച് വിശദമാക്കാമോ ;

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(സി) മഹിള പ്രധാൻ ഏജന്റുമാർക്ക് ഇൻസെന്റീവ്/ അലവൻസ് ഇനത്തിൽ കുടിശ്ശിക തീർക്കാനുള്ള തുക എത്ര ; ആയത് തീർക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ ;

(ഡി) ദേശീയ സമ്പാദ്യ പദ്ധതി ആകർഷകമാക്കാൻ ആവിഷ്കരിച്ച നവീന പദ്ധതികൾ വിശദീകരിക്കാമോ ?

ഉത്തരം

(എ) ദേശീയ സമ്പാദ്യ പദ്ധതി മുഖേന സ്വരൂപിക്കുന്ന നിക്ഷേപം വർദ്ധിപ്പിക്കുന്നതിനായി ദേശീയ സമ്പാദ്യ പദ്ധതി വകുപ്പിന് 2015-16 സാമ്പത്തിക വർഷത്തേക്ക് നിക്ഷേപ സമാഹരണ ലക്ഷ്യം നിശ്ചയിച്ച് നൽകിയിട്ടുണ്ട്.

(ബി) ഈ സർക്കാരിന്റെ കാലത്ത് എൻ.എസ്.എസ്. മുഖേന സ്വരൂപിച്ച നിക്ഷേപം ചുവടെ ചേർക്കുന്നു :

സാമ്പത്തിക വർഷം	മൊത്ത നിക്ഷേപം	മിച്ച നിക്ഷേപം
2011-12	6633.78 കോടി	186.89 കോടി
2012-13	6456.80 "	60.92 "
2013-14	6931.28 "	220.49 "
2014-15	7802.82 "	44.72 "

(സി) കേന്ദ്ര സർക്കാരിന്റെ നിർദ്ദേശം അനുസരിച്ച് സംസ്ഥാനത്തെ ദേശീയ സമ്പാദ്യ പദ്ധതി ഏജന്റുമാർക്ക് 2011 ഡിസംബർ മാസം മുതൽ ഇൻസെന്റീവ്/ അലവൻസ് നൽകുന്നില്ല. ദേശീയ സമ്പാദ്യ പദ്ധതി ഏജന്റുമാരുടെ സേവനം സർക്കാർ നിർദ്ദേശിക്കുന്ന മറ്റ് മേഖലകളിലേക്ക് പ്രയോജനപ്പെടുത്തി ഈ അധിക സേവനം അവരുടെ നിക്ഷേപ സമാഹരണ പ്രയത്നത്തിന് ആനുപാതികമായി നിശ്ചയിച്ച് പ്രതിഫലം നൽകിവരികയാണ് നിലവിൽ ചെയ്യുവരുന്നത്. അതിനാൽ ഇൻസെന്റീവ്/അലവൻസ് ഇനത്തിൽ ഇപ്പോൾ കുടിശ്ശിക ഒന്നും തന്നെയില്ല.

(ഡി) സംസ്ഥാനത്ത് ദേശീയ സമ്പാദ്യ പദ്ധതി ആകർഷകമാക്കുന്നതിനായി നവീന പദ്ധതികളൊന്നും തന്നെ ആവിഷ്കരിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly